ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്,ശാന്തിനഗർ
തിരുവനന്തപുരം

നമ്പർ: എസിഡി.സി4/24639/2014/ എച്ച്.എസ്.ഇ
തീയതി : 07/07/2014

# സർക്കുലർ

വിഷയം : ഹ.സെ.വി.വ ലാബ് അസിസ്റ്റന്റ്മാരെ ഓഫീസ് അറ്റൻഡന്റ് മീനിയൽ ജോലികളിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 11/06/14 തീയതിയിലെ ആൾ കേരള പ്ലസ് ടൂ ലാബ് അസിസ്റ്റന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ അപേക്ഷ.

2. 14/05/2004 തീയതിയിലെ ജി.ഒ.(എം.എസ്)134/04/പൊ.വി.വ നമ്പർ ഉത്തരവ്.

3. 22/12/2005 തീയതിയിലെ 56072/റ്റി1/2005/പൊ.വി.വ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്ന ലാബ് അസിസ്റ്റന്റുമാർ ഓഫീസ് അറ്റൻഡന്റ് മീനിയൽ ജോലികൾ ചെയ്യുന്നതിന് നിർബന്ധിക്കപ്പെടുന്നു എന്ന പരാതി സൂചന (1) പ്രകാരം ലഭിച്ചിട്ടുണ്ട്.

സൂചന (3) ഗവൺമെന്റ് സർക്കുലർ പ്രകാരം ലാബ് അസിസ്റ്റന്റുമാരുടെ ജോലികൾ നിർവചിക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള ജോലികളിൽ പ്യൂൺ, വാച്ചർ,സ്വീപ്പർ, മെസ്സഞ്ചർ മുതലായ ജോലികൾ ഉൾപ്പെടുന്നില്ല. കൂടാതെ സൂചന (2) ഉത്തരവിൽ സ്കൂളുകളിൽ നിലവിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സ്കൂൾ ഹെഡ്മാസ്റ്ററും ഹയർ സെക്കണ്ടറി പ്രിൻസിപ്പലും പങ്കു വയ്ക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയത് എല്ലാ ഹയർസെക്കണ്ടറി സ്കൂൾപ്രിൻസിപ്പൽമാരും പ്രയോജനപ്പെടുത്തേണ്ടതാണ്. സൂചന (3) സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരും മാനേജർമാരും കർശനമായി പാലിയ്ക്കേണ്ടതും ആയത് പാലിക്കപ്പെടുന്നുഎന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)